*Celebrating Extraordinary Missionary Month October 2019…*

## Thursday, 3 October 2019

**Fr. Mathew Anatharackal CMI**

നിരാശയുടെ നീർക്കയത്തിൽ നിന്ന് യേശുനാഥൻ ഒരു കുഷ്ഠരോഗിയെ കൈ കൊടുത്ത് കര കയറ്റുന്ന സംഭവമാണ് ഇന്നത്തെ തിരുവചനത്തിലൂടെ നാം കാണുക. യഹൂദസംസ്ക്കാരം കുഷ്ഠരോഗികൾക്ക് ഭ്രഷ്ട് കല്പ്പിച്ചിരിക്കുന്നതുകൊണ്ട്, രോഗിയ്ക്ക് ശാരീരാകാസ്വാസ്ഥ്യത്തെക്കാൾ മാനസിക പരിക്ത്യാവ ബോധമായിരുന്നു അലട്ടിയിരുന്നത്. എനിയ്ക്ക് മനുഷ്യത്വം പോലും നിഷേധിക്കുന്ന ഒരു സമൂഹത്തി ലാണല്ലോ ഞാൻ ജീവിക്കേണ്ടത്'' എന്ന ബോധം, ദൈവം പോലും എന്നെ കൈവിട്ടുവെന്ന ചിന്ത ആ രോഗിയെ നിരന്തരം അലട്ടിക്കൊണ്ടിരുന്നു. യേശുവിന്റെ മുമ്പിൽ വന്ന കുഷ്ഠരോഗിയുടെ യാചന സുഖം പ്രാപിക്കണമെന്നല്ല, 'ശുദ്ധി' പ്രാപിക്കണമെന്നായിരുന്നു. വീണ്ടും മനുഷ്യനാകണം, സമൂഹ ത്തിന്റെ ഭാഗമാകണമെന്ന ആഗ്രഹമാണ് അയാൾക്ക് ഉണ്ടായിരുന്നത്. യേശു കാരുണ്യപൂർവ്വം അവനെ സ്പർശിച്ചപ്പോൾ രോഗിയിൽ ജീവന്റെ പ്രകാശം കതിരിട്ടു, കുഷ്ഠരോഗി വീണ്ടും ഒരു മനുഷ്യനായി.

സമൂഹത്തിൽ നിലനിന്നിരുന്ന വ്യവസ്ഥിതികളുടെ 'ശുദ്ധി' 'അശുദ്ധി' കാഴ്ചപ്പാടുകളുടെ അപ്പുറ ത്തേയ്ക്ക് കാരുണ്യത്തിന്റെ തൂവൽസ്പർശവുമായിട്ടാണ് യേശു വരുന്നത്. സുഖത്തോടൊപ്പം നിയമ ത്തിന്റെ പൂർത്തീകരണവും ആവശ്യപ്പെടുന്ന യേശു നിലവിലുള്ള നിയമങ്ങളെ അനുസരിക്കുകയും, അനുസരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു: 'നീ ചെന്ന് പുരോഹിതന്റെ മുമ്പിൽ ഹാജരാ യി...'

ഓരോ അത്ഭുതങ്ങളും ദൈവീക ഇടപെടലാണ്. ശാരീരിക സൗഖ്യത്തോടൊപ്പം ആന്തരികസൗഖ്യത്തി ലേയ്ക്കും യേശു ആ രോഗിയെ ഉയർത്തി. അവനിൽ സംഭവിച്ച അത്ഭുതം അവന് യേശുവിലേ യ്ക്കുള്ള വളർച്ചയ്ക്ക് കാരണമായി. സൗഖ്യം വിശ്വാസത്തിലേയ്ക്കും വിശ്വാസം രക്ഷയിലേയ്ക്കും നമ്മെ നയിയ്ക്കണം. യേശുവിന്റെ ദൗത്യം ദൈവപിതാവിന്റെ സ്നേഹം ലോകത്തെ അറിയിക്കുക, എല്ലാ മനുഷ്യർക്കും ശാരീരിക-മാനസ്സിക സുഖം കൊടുക്കുകയെന്നതാണ്. ഇതുതന്നെയാണ് യേശുശി ഷ്യന്റെ ദൗത്യവും: അത് സ്നേഹസേവനത്തിലൂടെയാണ്, ശുശ്രൂഷയിലൂടെയാണ്. ശുശ്രൂഷയെന്നത് അടിമത്വമല്ല, പ്രത്യുത മനുഷ്യവ്യക്തിത്വത്തെ മുഴുവൻ അംഗീകരിച്ച് അഭിമാനത്തോടെ, ത്യാഗ മന ഃസ്ഥിതിയോടെ മറ്റുള്ളവർക്ക് വേണ്ടി അർപ്പിക്കുന്ന പ്രവർത്തനമാണ് ബൈബിളിന്റെ ഭാഷയിൽ ശുശ്രൂ ഷ. സ്നേഹമായിരിക്കണം മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ നമ്മെ പ്രേരിപ്പിക്കേണ്ടത്. വിവേകവും പങ്കുവെയ്ക്കുന്ന മനഃസ്ഥിതിയുമാണ് ശുശ്രൂഷയെ നയിക്കേണ്ടത്.

ഈ വിധ ശുശ്രൂഷയ്ക്ക് ഇറങ്ങുന്നവന് കുഷ്ഠരോഗിയും ഫരിസേയനും തമ്മിൽ വ്യത്യാസമില്ല. അന്ധനും ചുങ്കക്കാരനും പാപിനിയ്ക്കും ഈ വിധ സേവനം സ്വീകരിക്കുന്നതിന് തുല്യ അർഹതയാണ് ഉള്ളത്. ക്രിസ്തീയ സേവനത്തിന്റെയും, ശുശ്രൂഷയുടെയും അർത്ഥം ആഴത്തിൽ മനസ്സിലാക്കുവാൻ അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ അർപ്പിച്ച യേശുവിലേയ്ക്ക് നാം നോക്കണം. മുറിവുകളിൽ തൈലം പുരട്ടുന്ന വൈദ്യനാണ് അവിടുന്ന്, കരയുന്നവരുടെ കണ്ണീരൊപ്പുന്ന ഉറ്റസ്നേഹിതനാണ് അവി ടുന്ന്.

നമ്മുടെ സ്നേഹശുശ്രൂഷകൾ എല്ലാ മനുഷ്യർക്കും സംലഭ്യമാകണം. ദൈവത്തിന് ബലി അർപ്പിക്കുന്ന മനോഭാവമാകണം സേവനം ചെയ്യുന്നവന് ഉണ്ടാകേണ്ടത്. യേശുവിനെപോലെ ശുശ്രൂഷയുടെയും സേവനത്തിന്റെയും പാതയിൽ നമുക്കും ചരിക്കാൻ പരിശ്രമിക്കാം. യേശുവിന്റെ ദർശനം മനുഷ്യസ ത്തയിലുള്ള ദർശനമാണ്. അതായത്, ഇതരവ്യക്തികളിലുള്ള ദൈവീകതയെ കണ്ടെത്തി അവർക്ക് സ്നേഹസേവനം ചെയ്യുകയാണ് യേശുവചനം നമ്മെ പഠിപ്പിക്കുന്നത്, നമ്മുടെ കടമയും. ഇതരമതവി ശ്വാസങ്ങളും വ്യത്യസ്ത സംസ്ക്കാരങ്ങളും ഉൾചേർന്നിരിക്കുന്ന നമ്മുടെ നാട്ടിൽ മുൻവിധികളില്ലാതെ മനുഷ്യത്വത്തെ അംഗീകരിച്ചുകൊണ്ട് ദൈവമഹത്വത്തിനായി ജീവിതം സമർപ്പിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

*Published by*
CMI General Department of Evangelization and Pastoral Ministry